**15 -ാം കേരള നിയമസഭ**

**14 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3010** **07-10-2025 - ൽ മറുപടിയ്ക്ക്**

**പന്തപ്ര ആദിവാസി നഗറിലെ പുനരധിവാസം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ആന്റണി ജോൺ | | ശ്രീ. എ. കെ. ശശീന്ദ്രൻ<br>(വനം-വന്യജീവി വകുപ്പ് മന്ത്രി) | |
| (എ) | കോതമംഗലം മണ്ഡലത്തിലെ പന്തപ്ര ആദിവാസി നഗറിലെ ആദിവാസി വിഭാഗത്തിൽപ്പെട്ടവർക്ക് നൽകിയിട്ടുള്ള ഭൂമിയിലെ തേക്ക് ഉൾപ്പെടെയുള്ള മരങ്ങൾ മുറിച്ചുമാറ്റി ഭൂമി കൃഷിയോഗ്യമാക്കുന്നതിന് സ്വീകരിച്ച നടപടികൾ വിശദമാക്കാമോ; നടപടികൾ വേഗത്തിലാക്കി മരങ്ങൾ അടിയന്തരമായി മുറിച്ചുമാറ്റാൻ നടപടി സ്വീകരിക്കുമോ; വ്യക്തമാക്കാമോ? | (എ) | പ്രസ്തുത ഭൂമിയിലെ തേക്ക് ഉൾപ്പെടെയുള്ള മരങ്ങൾ ക്ലിയർ ഫെല്ലിംഗ് ചെയ്യുന്നതിനായി വർക്കിംഗ് പ്ലാൻ ഡീവിയേഷൻ പ്രപ്പോസൽ സ്റ്റാന്റിംഗ് കൺസൾട്ടേറ്റീവ് കമ്മിറ്റി മീറ്റിംഗിൽ സമർപ്പിച്ചിരുന്നു. ആയതുമായി ബന്ധപ്പെട്ട് 27.11.2024 ൽ രൂപീകരിച്ച എക്സ്പർട്ട് കമ്മിറ്റി 04.12.2024 ന് തോട്ടം പരിശോധിച്ചു. വീടുകൾ നിർമ്മിച്ചിരിക്കുന്ന 15 സെന്റിനു ചുറ്റുമുള്ള ഒരേക്കർ സ്ഥലത്തെ മുഴുവൻ മരങ്ങളും മുറിച്ചു നീക്കുന്നതിനും ബാക്കി 85 സെന്റ് സ്ഥലത്തെ ഉണങ്ങി നിൽക്കുന്നതും വളർച്ച മുരടിച്ചതുമായ എല്ലാ തേക്ക് മരങ്ങളും, മൂദ്ദമരങ്ങളും, വിദ്യാഭ്യാസ, ആരോഗ്യ, സാമൂഹിക-സാംസ്കാരിക ആവശ്യങ്ങൾക്കായി നീക്കിവെച്ചിട്ടുള്ള 26.8 ഏക്കർ പൊതുസ്ഥലത്തിൽ ഉൾപ്പെട്ട 8 ഏക്കർ ഭൂമിയിൽ നിൽക്കുന്ന മുഴുവൻ മരങ്ങളും മുറിച്ചു നീക്കുന്നതിനും ടി കമ്മിറ്റി നിർദ്ദേശിക്കുകയുണ്ടായി. ടി നിർദ്ദേശം 02.06.2025 ൽ കൂടിയ സ്റ്റാന്റിംഗ് കൺസൾട്ടേറ്റീവ് കമ്മിറ്റി പരിശോധിക്കുകയും പന്തപ്ര പുനരധിവാസ മേഖലയിൽ മുറിക്കേണ്ട മരങ്ങളുടെ എണ്ണവും സ്വഭാവവും ഉൾപ്പെടെയുള്ള വിശദമായ പ്രവർത്തന പദ്ധതി തയ്യാറാക്കുവാൻ നിർദ്ദേശം നൽകുകയുമുണ്ടായി. ആയത് തയ്യാറാക്കുന്ന നടപടികൾ പുരോഗമിച്ചുവരികയാണ്. |

സെക്ഷൻ ഓഫീസർ